**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6122** **09-11-2021 - ൽ മറുപടിയ്ക്ക്**

**മങ്കേരി തോട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri Roshy Augustine**<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിൽ ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖര സമിതിയിക്ക് ഭരതപ്പുഴയിൽ നിന്നും ജലം എത്തിച്ച കൊണ്ടിരുന്ന തോട് തകർന്ന് കിടക്കുന്നതിനാൽ ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെട്ട് പാടത്തിലേക്ക് ജലം എത്തുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജലത്തിന്റെ ദൗർലഭ്യം മൂലം കർഷകർ ഏറെ ബുദ്ധിമുട്ട് നേരിടുന്നതിനാൽ തോട് നവീകരിച്ച് ജലസേചനം സാധ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | ഇരിമ്പിളിയം പഞ്ചായത്തിലെ മങ്കേരി പാടശേഖരത്തിലേക്ക് വെള്ളം എത്തുന്ന തോട് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തോട്ടിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്ത് ആഴം കൂട്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ കര സംരക്ഷണം നടത്തി തോട് നവീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത തോട് പുനരുദ്ധരിക്കുന്നതിന് എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | പ്രസ്തുത തോട് നവീകരിക്കുന്നതിന്, ആന്വൽ പ്ലാൻ 2022-23, ബജറ്റ് 2022-23എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ